പ്രകാശവചനം
അബൂദർറ് എടയൂർ

# അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുക

عَنِ الْمُغِيرَةَ بن شُعْبَةَ رَضِيَ اللَّهُ عَنْهُ، يَقُولُ: إِنْ كَانَ النَّبِيُّ ﷺ لَيَقُومُ لِيُصَلِّي حَتَّى تَرِمُ قَدَمَاهُ - أَوْ سَاقَاهُ - فَيُقَالُ لَهُ فَيَقُولُ: أَفَلاَ أَكُونُ عَبْدًا شَكُورًا.

**മുഗീറത്തുബ്നു ശുഅ്ബയിൽ നിന്ന്: റസൂൽ തന്റെ രണ്ട് പാദങ്ങളിൽ അല്ലെങ്കിൽ കണങ്കാലുകളിൽ നീരുകെട്ടി വീർക്കുവോളം നമസ്കരിക്കാൻ നിൽക്കാറുണ്ടായിരുന്നു. അതേപ്പറ്റി നബിയോടു ചോദിക്കുമ്പോൾ അവിടുന്ന് ഇപ്രകാരം പറയുമായിരുന്നു: ഞാൻ അല്ലാഹുവിനോട് ഏറെ നന്ദിയുള്ള ഒരു ദാസനാവേണ്ടതില്ലേ? (ബുഖാരി)**

ഉപകാരത്തിന് നന്ദി കാണിക്കുക എന്നത് ഉന്നത സ്വഭാവഗുണമായിട്ടാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അത് വാക്കുകൊണ്ടും ഹൃദയം കൊണ്ടും പ്രത്യുപകാരം കൊണ്ടുമൊക്കെയാവാം. നാം വല്ലാതെ പ്രയാസപ്പെടുന്ന ഒരു ഘട്ടത്തിൽ ആരെങ്കിലും സഹായിച്ചാൽ നാം പറയും: ഈ ഉപകാരം ഞാൻ ഒരിക്കലും മറക്കില്ല; ഇതിന് എങ്ങനെയാണ് നന്ദി കാണിക്കേണ്ടത് എന്നെനിക്ക് അറിയില്ല എന്നൊക്കെ. ചിലപ്പോൾ ആ നന്ദി അശ്രുകണങ്ങളുടെ രൂപത്തിൽ കവിൾതടങ്ങളിലൂടെ ഉതിർന്നുവീഴുകയും ചെയ്യും. എന്നാൽ ഈയൊരു വികാരം അല്ലാഹുവുമായുള്ള ഇടപാടുകളിൽ നമുക്കുണ്ടോ?

അല്ലാഹുവിന്റെ എണ്ണിയാലൊടുങ്ങാത്ത അനുഗ്രഹങ്ങൾ അനുനിമിഷം ആസ്വദിച്ച് ജീവിക്കുന്ന പലരും അല്ലാഹുവിനോട് നന്ദി കാണിക്കാറില്ല എന്നതാണ് വാസ്തവം. ഭൂമിയിൽ നിങ്ങൾക്ക് ജീവിക്കാനാവശ്യമായ ശരീരാവയവങ്ങളും ഭക്ഷ്യവിഭവങ്ങളുമുൾപ്പെടെ സകല സജ്ജീകരണങ്ങളും നാം ചെയ്തു തന്നിട്ടുണ്ടെങ്കിലും നിങ്ങൾ വളരെ കുറച്ച് മാത്രമേ നന്ദി കാണിക്കുന്നുള്ളൂവെന്ന് അല്ലാഹു പറയുന്നു. അല്ലാഹു മനുഷ്യനോട് വളരെയധികം ഔദാര്യം കാണിക്കുന്നവനാണെന്നും അതേസമയം ഭൂരിപക്ഷം ആളുകളും നന്ദി കാണിക്കാൻ തയാറാകാത്തവരാണെന്നും നാല് തവണ ഖുർആൻ ആവർത്തിക്കുന്നു.

നാം ഉദ്ദേശിച്ചിരുന്നെങ്കിൽ മഴവെള്ളം ഉപ്പു രസമുള്ളതാക്കുമായിരുന്നെന്നും അങ്ങനെ ചെയ്യാതെ നിങ്ങളെ അനുഗ്രഹിച്ചതിന് നിങ്ങൾ എന്താ നന്ദി രേഖപ്പെടുത്താത്തത് എന്നും അല്ലാഹു ചോദിക്കുന്നു. മഴ പെയ്യുമ്പോൾ അതിനെ പഴിക്കുകയോ ശപിക്കുകയോ അല്ലാതെ, അൽഹംദുലില്ലാഹ് എന്ന് പറയുന്ന എത്ര പേരുണ്ട് നമുക്കിടയിൽ? പഴവർഗങ്ങളും പച്ചക്കറികളും ധാന്യവിഭവങ്ങളും മാംസങ്ങളും ആസ്വദിച്ച് കഴിക്കുമ്പോഴും അല്ലാഹുവിനെ ഓർക്കുകയും അവന് നന്ദി രേഖപ്പെടുത്തുകയും ചെയ്യാത്തതിനെ, കാർഷിക വിളകളെ കുറിച്ചും നാൽകാലികളെ കുറിച്ചും എടുത്ത് പറഞ്ഞ് ഖുർആൻ വിമർശിക്കുന്നുണ്ട്. അല്ലാഹുവിനാണ് നിങ്ങൾ ഇബാദത്ത് ചെയ്യുന്നതെങ്കിൽ അന്നപാനീയങ്ങൾക്ക് നന്ദി കാണിക്കണമെന്ന് വിശ്വാസികളെ അഭിസംബോധന ചെയ്ത് പ്രത്യേകം ഓർമിപ്പിക്കുകയും ചെയ്യുന്നു ഖുർആൻ.

യഥാർഥ വിശ്വാസി ബുദ്ധിമുട്ടുണ്ടാവുമ്പോൾ ക്ഷമിക്കുകയും സന്തോഷമുണ്ടാവുമ്പോൾ അല്ലാഹുവിന് നന്ദി പ്രകാശിപ്പിക്കുകയും ചെയ്യുമെന്ന് പ്രവാചകൻ. പ്രയാസങ്ങൾ നേരിടുമ്പോഴും അല്ലാഹുവിന് നന്ദി രേഖപ്പെടുത്തുന്ന അത്യുന്നതമായ ഒരു മാനസികാവസ്ഥയുമുണ്ട്. ഇത്രയല്ലേ സംഭവിച്ചുള്ളൂ എന്ന ചിന്തയാണ് അതിന്റെ പ്രചോദനം. നാം അങ്ങനെയാണോ? സകലവിധ വീഴ്ചകളും പൊറുക്കപ്പെട്ടിരിക്കുന്നുവെന്ന് അറിയിക്കപ്പെട്ട പ്രവാചകൻ കഷ്ടപ്പെട്ട് രാത്രി നമസ്കാരം നിർവഹിക്കുമ്പോൾ, അദ്ദേഹത്തോട് സഹതപിച്ചവരോട് അതിന് ന്യായം പറഞ്ഞത് എനിക്ക് അല്ലാഹുവിന്റെ നന്ദിയുള്ള ദാസനാവണമെന്നാണ്. അല്ലാഹു ചെയ്തു തന്ന അനുഗ്രഹങ്ങളോട് നമുക്ക് എത്രത്തോളം കടപ്പാടുണ്ടെന്നാണ് നബി(സ) ഇതിലൂടെ നമ്മെ പഠിപ്പിക്കുന്നത്.

*ഹാദാ മിൻ ഫള്‌ലി റബ്ബീ* (ഇത് എന്റെ നാഥന്റെ ഔദാര്യമാണ്) എന്ന് വാഹനത്തിന്റെയും വീടിന്റെയുമെല്ലാം മുന്നിൽ എഴുതിവെക്കുന്നവർ പോലും, ഞാൻ നന്ദികാണിക്കുന്നുണ്ടോ ഇല്ലേ എന്ന് പരീക്ഷിക്കാനാണ് ഇത് നൽകിയിട്ടുള്ളതെന്ന് ഓർക്കാറില്ല. യഥാർഥത്തിൽ അല്ലാഹുവിന് നമ്മുടെ നന്ദിയുടെ ആവശ്യമൊന്നുമില്ല. നാം നന്ദി കാണിച്ചാൽ അതിന്റെ ഗുണം നമുക്ക് തന്നെ. അല്ലാഹു പറയുന്നു: "നന്ദികാണിക്കുകയാണെങ്കിൽ നാം നിങ്ങൾക്ക് കൂടുതൽ നൽകിക്കൊണ്ടിരിക്കും. അതേസമയം നന്ദികേടാണ് കാണിക്കുന്നതെങ്കിൽ നിശ്ചയം, എന്റെ ശിക്ഷ അതികഠിനമാണ്" (*ഇബ്റാഹീം* 7). ■